## കുടുംബശ്രീ കാർഷിക മേഖലയിൽ നടത്തുന്ന പരിശീലനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കിയുള്ള കുടുംബശ്രീയുടെ പ്രവർത്തന മേഖലകളിൽ പ്രധാനപ്പെട്ടതാണ് കുടുംബശ്രീ അംഗങ്ങൾ ചെയ്തു വരുന്ന സംഘകൃഷി. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം കാർഷിക മേഖലയിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൃഷി ഒരു പ്രധാന വരുമാന സ്രോതസ്സായി മാറ്റുകയെന്നും പ്രസ്തുത മേഖലയിലെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നു.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) ന്റെ ഉപപദ്ധതിയായ മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) പദ്ധതിയുടെ ഭാഗമായി കർഷകർക്ക് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നടത്തേണ്ടതുണ്ട്. പ്രസ്തുത പരിശീലനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമാണ് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

### എന്താണ് പരിശീലനം?

കുടംബശ്രീയിലെ മഹിളകളായ കർഷകരുടെ കാർഷിക മേഖലയിലെ അറിവും, നൈപുണ്യവും വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യവും, ശാസ്ത്രീയവുമായ കൃഷിരീതികൾ സംയോജിപ്പിച്ചു കൊണ്ട് ജൈവകാർഷിക രീതികളിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വൈദഗ്ദ്യം നൽകുക എന്നതാണ് പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്.

### ആർക്കാണ് പരിശീലനം ?

കുടുംബശ്രീ അംഗങ്ങളായ കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ച വനിതകൾക്കാണ് പരിശീലനം നൽകേണ്ടത്. അയൽക്കൂട്ടങ്ങൾക്ക് കാർഷിക മേഖലയിലെ ജെഎൽജികൾ രൂപീകരിക്കുന്നതിനും കാർഷിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശീലനങ്ങൾ നൽകേണ്ടതുണ്ട്.

**പരിശീലനം നൽകേണ്ട സ്ഥാപനങ്ങൾ/വിദഗ്ദ്ധർ**

മഹിളാ കാർഷിക സഹായകേന്ദ്രത്തിന്റെ നേതൃത്വത്തിൽ വേണം പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടത്. കാർഷിക മേഖലയിൽ വിദഗ്ദ്ധർ ആയവരെ തെരഞ്ഞെടുക്കുക. മാസ്റ്റർ ഫാർമേഴ്സ്, കാർഷിക ഗ്രൂപ്പുകൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, കൃഷി ഓഫീസർ, പാരമ്പര്യ കർഷകർ എന്നിവരുടെ സേവനം പരിശീലനമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

**പരിശീലനങ്ങൾ**

സമഗ്ര കാർഷിക വികസനത്തിനായി ജെഎൽജികളെ പ്രാപ്തരാക്കുന്ന രീതിയിലുള്ള പരിശീലന രീതിയാണ് അവലംബിക്കേണ്ടത്. ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മറ്റുഭക്ഷ്യ വിളകൾ എന്നിവയാണ് പരിശീലനം നൽകേണ്ടത്.

**ജെഎൽജി രൂപീകണം സംബന്ധിച്ചുള്ള ബോധവൽക്കരണ പരിശീലനങ്ങൾ**

കാർഷിക മേഖലയിൽ ജെഎൽജി രൂപീകരിക്കുന്നതിന് മുന്നോടിയായി സിഡിഎസ് തലത്തിൽ മഹിളാകാർഷിക സഹായ കേന്ദ്രം മുഖേന നടത്തുന്ന പ്രാരംഭഘട്ട പരിശീലനമാണ്. ഇത് ഒരു അയൽക്കൂട്ടത്തിന് കുറഞ്ഞത് ഒരു ജെഎൽജി ഗ്രൂപ്പ് രൂപീകരിച്ച്, പ്രാദേശിക ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം.

എഡിഎസ് പൊതുസഭയിലെ മുഴുവൻ അംഗങ്ങൾക്കും (ഒരയൽക്കൂട്ടത്തിൽ നിന്നും 5 ഭാരവാഹികൾ) പരിശീലനം നൽകേണ്ടത്.

- എഫ്എഫ്സിയാണ് പരിശീലന കേന്ദ്രമായി പ്രവർത്തിക്കേണ്ടത്
- ഒരു ബാച്ചിൽ പരമാവധി 50 പേർക്ക് പരിശീലനം നൽകേണ്ടതാണ്.
- വാർഡ് അടിസ്ഥാനത്തിൽ പരിശീലനം സംഘടിപ്പിക്കണം

- അയൽക്കൂട്ടത്തിൽ നിന്നുള്ള കൃഷിയിൽ തൽപരരായ അംഗങ്ങളെ പരിശീലനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- മാസ്റ്റർ കർഷകരാണ് പരിശീലനം നൽകേണ്ടത്
- അരദിവസത്തെ പരിശീലന പരിപാടിയാണ് നടത്തേണ്ടത്

**പരിശീലനത്തിൽ ഉൽപ്പെടുത്തേണ്ട മൊഡ്യൂളുകൾ**

- രജിസ്ട്രേഷൻ
- ആമുഖം: പരിശീലന പ്രാധാന്യത്തെക്കുറിച്ച് (5 മിനിട്ട്)
- വീഡിയോ ഡോക്യുമെൻട്രി (മികച്ച ജെഎൽജി കളുടെ വിജയകഥകൾ പരിചയപ്പെടുത്തുന്ന ഡോക്യുമെന്റി – 10 മിനിട്ട്)
- വിഷയ അവതരണം (മാസ്റ്റർ ഫാർമർ)

  ജെഎൽജി രൂപീകരണം, ബാങ്ക് ലിങ്കേജ്, ജെഎൽജി മാർഗ്ഗനിർദ്ദേശങ്ങൾ
- മികച്ച ജെഎൽജി കർഷകരുടെ അനുഭവം പങ്കുവയ്ക്കൽ ചർച്ച – സംശയനിവാരണം

**പ്ലാൻ തയ്യാറാക്കൽ**

1. അയൽക്കൂട്ടതല മീറ്റിംഗ്, ജെഎൽജി രൂപീകരണം
2. എഡിഎസ്സ് തല യോഗം, തുടർപ്രവർത്തനങ്ങൾ ചെയ്യൽ

**ബഡ്ജറ്റ്**

പരിശീലന പരിപാടിയിൽ ഒരംഗത്തിന് 20 രൂപ മാത്രം ചിലവഴിക്കാവുന്നതാണ്.

**മാസ്റ്റർ ഫാർമേഴ്സ് നടത്തേണ്ട പ്രവർത്തനങ്ങൾ**

- പരിശീലന നൽകേണ്ടത് മാസ്റ്റർ കർഷകരുടെ നേതൃത്വത്തിലാണ്

- വിഷയാവതരണത്തിൽ ജെഎൽജി രൂപീകരണവുമായി ബന്ധപ്പെട്ട ഗൈഡ്ലൈൻ പ്രകാരമുള്ള വിവരങ്ങൾ ചുരുക്കി അവതരിപ്പിക്കേണ്ടതാണ്. തുടർന്ന് ബാങ്ക് ലിങ്കേജുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശദീകരിക്കേണ്ടതാണ്.

- പ്ലാൻ തയ്യാറാക്കൽ : ജെഎൽജി രൂപീകരണത്തോടു മുന്നോടിയായി അയൽക്കൂട്ടതലങ്ങളിൽ പരിശീലനത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ യോഗങ്ങൾ ചേർന്ന് കാര്യങ്ങൾ വിശദീകരിക്കുകയും തുടർന്ന് ജെഎൽജിയുടെ രൂപീകരണം, അപേക്ഷ തയ്യാറാക്കൽ എന്നിവയെക്കുറിച്ചുള്ള വിവരണം നൽകുകയും, അപേക്ഷ തയ്യാറാക്കി സിഡിഎസ്സിൽ സമർപ്പിക്കേണ്ടതിനെക്കുറിച്ചുള്ള വിവരണം നൽകേണ്ടതുമാണ്.

**തുടർ പ്രവർത്തനങ്ങൾ**

പരിശീലനങ്ങൾക്കു ശേഷം അയൽക്കൂട്ടതലങ്ങളിൽ ജെഎൽജി രൂപീകരണ യോഗങ്ങളും തുടർ പ്രവർത്തനങ്ങളും എഫ്എഫ്സിയുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യേണ്ടതാണ്. പരിശീലനം കഴിഞ്ഞ് രണ്ട് ആഴ്ചയ്ക്കുള്ളിൽ പരിശീലനം ലഭിച്ച അയൽക്കൂട്ടത്തിലെ ജെഎൽജി രൂപീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

പരിശീലനം മുതൽ ജെഎൽജി രൂപീകരണംവരെയുള്ള ഡോക്യുമെന്റേഷൻ എഫ്എഫ്സി തലത്തിൽ നടത്തേണ്ടതാണ്.

**കാര്യശേഷി വികസന പരിശീലനം**

പുതിയതായി രൂപീകരിച്ച ജെഎൽജികൾക്ക് രണ്ടാംഘട്ടത്തിൽ നൽകുന്ന പരിശീലനം ആണ് കാര്യശേഷി വികസന പരിശീലനം. ഈ പരിശീലന പരിപാടി എഫ്എഫ്സിയുടെ നേതൃത്വത്തിൽ സിഡിഎസ് തലത്തിൽ സംഘടിപ്പിക്കുന്നു. പുതിയതായി രൂപീകരിച്ച മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തി പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. ഈ പരിശീലനത്തിൽ യഓരോ ജെഎൽജി കളെയും

കൂട്ടുത്തരവാദിത്തത്തോടെ, ഒരേ മനസ്സോടെ കൃഷിയിലേയ്ക്ക് സ്വാഗതം ചെയ്യുകയും ജെഎൽജി എന്ന ആശയത്തെ കർഷകർക്ക് കൂടുതൽ മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു.

- പരിശീലനകേന്ദ്രം എഫ്എഫ്സി ആയിരിക്കും
- പരിശീലനം നൽകേണ്ടത് എംഎഫ്റ്റി ആയിരിക്കണം
- ഒരു ബാച്ചിൽ 50 പേർക്ക് പരിശീലനം നൽകേണ്ടതാണ്.
- ജെഎൽജികളുടെ കാര്യശേഷി വികസിപ്പിക്കുന്നത് കേന്ദ്രീകൃതമായിരിക്കണം പരിശീലനം.
- സിഡിഎസ് അടിസ്ഥാനത്തിൽ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.
- അരദിവസത്തെ പരിശീലന പരിപാടി ആയിരിക്കണം നടത്തേണ്ടത്.

**പരിശീലന പരിപാടിയിൽ ഉൾക്കൊള്ളിക്കേണ്ട മൊഡ്യൂൾ**

- രജിസ്ട്രേഷൻ
- ആമുഖം
- വീഡിയോ അവതരണം

ജെഎൽജി അംഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള വീഡിയോ അവതരണങ്ങൾ.

ഉദാ: ജെഎൽജി വിജയകഥകൾ മുതലായവ

- വിഷയ അവതരണം
- ജെഎൽജി മാർഗ്ഗനിർദ്ദേശങ്ങൾ അവതരണം

- കൃഷി അനുബന്ധ മേഖലാ സ്ഥാപനങ്ങളുടെ വിവരണം
- രജിസ്റ്റർ പരിചയപ്പെടുത്തൽ

**ഫാം പ്ലാൻ തയ്യാറാക്കൽ**

- ഓരോ ജെഎൽജികളും മൂന്നു മാസം വീതമുള്ള ഫാംപ്ലാൻ തയ്യാറാക്കേണ്ടതാണ്.
- കൃഷി സ്ഥലം തെരഞ്ഞെടുക്കൽ, വിത്ത്, വളം, ജലസേചനം, പരിപാലനം, വിപണനം എന്നിവയെ അടിസ്ഥാനമാക്കി ആയിരിക്കണം ഫാം പ്ലാൻ തയ്യാറാക്കേണ്ടത്.

**ബഡ്ജറ്റ്**

പരിശീലനത്തിൽ ഒരംഗത്തിന് 50 രൂപ ചിലവിനത്തിൽ ഉപയോഗിക്കാവുന്നതാണ്.

**തുടർ പ്രവർത്തനങ്ങൾ**

പരിശീലനം നേടിയ ജെഎൽജികൾക്ക് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ എഫ്എഫ്സിയുടെ നേതൃത്വത്തിൽ നൽകേണ്ടതാണ്. മാസ്റ്റർ ഫാർമറുടെ നേതൃത്വത്തിൽ ഫീൽഡ് തല സന്ദർശനം നടത്തേണ്ടതാണ്.

**ബാങ്ക് ലിങ്കേജ്**

ജെഎൽജികൾക്ക് കാര്യശേഷി വികസന പരിശീലനത്തിനു ശേഷം കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ ലഭ്യമാക്കുന്നതിന് സിഡിഎസ് തലത്തിൽ എഫ്എഫ്സി മുഖാന്തരം നൽകേണ്ട പരിശീലനങ്ങളാണ് ഇത്. ഈ പരിശീലനത്തിൽ ബാങ്കിംഗ് പ്രവർത്തനങ്ങളെക്കുറിച്ചും, കാർഷിക വായ്പകളെക്കുറിച്ചും വിവരണം നൽകുകയും ,ബാങ്ക് ലിങ്കേജിനു വേണ്ടുന്ന നടപടികളെക്കുറിച്ച് അറിവുകൾ നൽകുകയും ചെയ്യുന്നു.

- ഒരു ബാച്ചിൽ 50 പേരെ പങ്കെടുപ്പിക്കേണ്ടതാണ്.

- ഒരു ജെഎൽജിയിലെ എല്ലാ അംഗങ്ങളും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

- ട്രെയിനിംഗ് നൽകുന്നതിനായി ബാങ്കിംഗ് ആർ.പി., ബാങ്കിംഗ് ഒഫിഷ്യൽസിനെ പങ്കെടുപ്പിക്കേണ്ടതാണ്.

**മൊഡ്യൂൾ**

1. രജിസ്ട്രേഷൻ
2. വീഡിയോ അവതരണം (ബാങ്ക് ലിങ്കേജ്)
3. വിഷയാവതരണം
    - കാർഷിക വായ്പ
    - നടപടി ക്രമങ്ങൾ
    - പലിശ
    - തിരിച്ചടവ്
    - സബ്സിഡി
    - മോണിറ്ററിംഗ്

**1) തുടർ പ്രവർത്തനം**

പരിശീലനത്തിനു ശേഷം ജെഎൽജികളെ ബാങ്ക് ലിങ്കേജ് ചെയ്യിക്കുന്ന നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

**പ്രായോഗിക പരിശീലനം**

കൃഷിയും അനുബന്ധമേഖലകളിൽ വിവിധ വിഷയത്തിൽ പാരമ്പര്യ, ശാസ്ത്രീയ അറിവുകൾ പ്രധാനം ചെയ്യുന്നതിനായാണ് പ്രായോഗിക പരിശീലനം

നടത്തേണ്ടത്. ജെ.എൽ.ജി.കളുടെ കാർഷിക മേഖലയിലെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത പരിശീലനം കൊണ്ട് സാധിക്കണം.

- ഒരു ബാച്ചിൽ 15 മുതൽ 20 അംഗങ്ങൾ വരെ പങ്കെടുപ്പിക്കാവുന്നതാണ്.
- ഒരു ജെഎൽജിയിലെ മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിക്കുക
- പ്രാദേശികമായി കൃഷി ചെയ്യുന്ന പ്രസ്തുത വിഷയത്തിൽ വിദഗ്ദ്ധരായ കർഷകർ ആയിരിക്കണം ക്ലാസ്സുകൾ നൽകേണ്ടത്.
- ജെഎൽജികളുടെ മാതൃകാ കൃഷിത്തോട്ടത്തിൽ വച്ച് പരിശീലനം നൽകേണ്ടതാണ്.
- ഒരു ദിവസത്തെ പരിശീലനമാണ് നൽകേണ്ടത്.

**മൊഡ്യൂൾ**

- രജിസ്ട്രറുകൾ
- ആമുഖം
- ഫീൽഡ് പരിചയപ്പെടുത്തൽ (പരിശീലനം നടത്തുന്ന കൃഷി സ്ഥലത്തെക്കുറിച്ച് പരിശീലകരെ പരിചയപ്പെടുത്തൽ)
- വിവിധ കൃഷി മുറകൾ പ്രായോഗിക രീതിയിൽ പരിശീലനം നൽകണം
- ജൈവവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ പ്രായോഗിമായ രീതിയിൽ ഫീൽഡിൽ വച്ച് തന്നെ ഉണ്ടാക്കി ഉപയോഗിക്കുന്ന രീതിയും കർഷകരെ പരിചയപ്പെടുത്തണം.
- അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ സ്വീകരിക്കൽ

**പ്രായോഗിക പരിശീലനത്തിന്റെ വിഷയങ്ങൾ**

മണ്ണ് – മണ്ണിന്റെ ഘടന, വിവിധയിനം മണ്ണുകൾ, പുതയിടൽ, മൈക്രോ, ന്യൂട്രിയന്റ്, മണ്ണു പരിപാലനം, ജൈവപോഷകാംശങ്ങൾ, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി പരിശീലനങ്ങൾ നൽകണം.

2) ജൈവകാർഷിക മുറകൾ

എ) ജൈവ വളം നിർമ്മാണം

ബി) ജൈവ കീടനാശിനി നിർമ്മാണം

ജൈവവള, ജൈവകീടനാശിനികളുടെ 10 തരം മുറകളെക്കുറിച്ച് ഈ വിഷയത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

3) ജെ.എൽ.ജി യുടെ വൈദഗ്ദധ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ വിഷയങ്ങൾ

വിത്ത്, വളം, ജൈവകീടനാശിനികൾ, സമ്മിശ്ര കൃഷി, വിവിധ വിത്തുകൾ, അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ മുതലായ വിഷയങ്ങളിൽ ജെഎൽജി കൾക്ക് പരിശീലനം നൽകേണ്ടതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**